**നടപടി ഉത്തരവ്**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, ശാസ്തമംഗലം**
**തിരുവനന്തപുരം-10**
**(റ്റി. പി. സലിംകുമാർ ഐ.ആർ.എസ്)**

വിഷയം : കേരള മാരിടൈം ബോർഡ് - Land Management Unit രൂപീകരിച്ച് ഉത്തരവാകുന്നു.

---

**ഉത്തരവ് നമ്പർ :** HOKMB-TVM/271/2023-C3 (Devp) **തീയതി :** 18/05/2023

---

കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17 ചെറുകിട തുറമുഖങ്ങളുടെ കീഴിൽ നിരവധി സ്ഥലങ്ങളിലായി തുറമുഖ ഭൂമി നിലവിലുണ്ട്. ടി വസ്തുവകകൾ അന്യാധീനപ്പെട്ടിരിക്കുന്നതിനാൽ ഇവ അളന്നു തിട്ടപ്പെടുത്തി അതിർത്തികൾ രേഖപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ആയത് പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

കേരള മാരിടൈം ബോർഡിന്റെ 27-ാമത് ബോർഡ് യോഗത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും സർവ്വീസിൽ നിന്നും വിരമിച്ച IAS ഓഫീസർ/District collector, താലൂക്ക് സർവ്വേയർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ഒരു Land Management Unit രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ യൂണിറ്റിന്റെ തലവനായി ബോർഡ് തീരുമാന പ്രകാരമുള്ള ഉദ്യോഗസ്ഥനെ ലഭിക്കാത്ത സാഹചര്യത്തിൽ ബഹു. ചെയർമാന്റെ നിർദ്ദേശപ്രകാരം സമ്മതപത്രം ലഭ്യമാക്കിയ താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചു കൊണ്ട് Land Management Unit രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്/ഉദ്യോഗപ്പേര് | പദവി | പ്രതിമാസ ശമ്പളം |
|---|---|---|---|
| 1 | ശ്രീ. വി.കെ. ബാലൻ, ഡെപ്യൂട്ടി കളക്ടർ(റിട്ട) | ഹെഡ് | 50,000 |
| 2 | ശ്രീ. ചന്ദ്രബാനു, ഡെപ്യൂട്ടി സൂപ്രണ്ട്, സർവ്വെ(റിട്ട) | മെമ്പർ | 40,000 |
| 3 | ശ്രീ. രവീന്ദ്രൻ കെ, തഹസിൽദാർ (റിട്ട) | മെമ്പർ | 40,000 |

ബോർഡ് ഉത്തരവിൻ പ്രകാരമുള്ള റിട്ട. വില്ലേജ് ഓഫീസറെ ഉടൻ നിയമിച്ച് ഉത്തരവാകുന്നതാണ്. Land Management Unit അംഗങ്ങളുടെ ശമ്പളവും മറ്റ് അലവൻസുകളും ഹെഡ് ഓഫീസിൽ നിന്നും കോഴിക്കോട് പോർട്ട് ഓഫീസർ മുഖേന നല്കുന്നതാണ്.

Land Management Unit കോഴിക്കോട് പോർട്ട് കൺസർവേറ്ററുടെ കാര്യാലയത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. അംഗങ്ങളുടെ ആദ്യ നിയമനം കരാറടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷ കാലയളവിലേക്കായി നിജപ്പെടുത്തിയിരിക്കുന്നു. യൂണിറ്റിന്റെ തുടർ പ്രവർത്തനങ്ങൾക്കനുസൃതമായി ബോർഡിന്റെ അനുമതി വാങ്ങി ആവശ്യാനുസരണം കാലയളവ് ദീർഘിപ്പിക്കുന്നതാണ്.

കേരള മാരിടൈം ബോർഡിന് കീഴിലുള്ള എല്ലാ ഭൂമിയും അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള അധികാരം Land Management Unit ൽ നിക്ഷിപ്തമാണ്.

പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദമായ വ്യവസ്ഥകളും നിർദ്ദേശങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

റ്റി.പി. സലിംകുമാർ IRS
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

emailed on 18/5/23

To. മേൽ ഉദ്യോഗസ്ഥർക്ക്

പകർപ്പ്: DD, AO
CFA, DD, AO
എല്ലാ പോർട്ട് ഓഫീസർമാർക്കും
NB A4 സെക്ഷൻ, A3 സെക്ഷൻ, B1 സെക്ഷൻ

Scanned with CamScanner

## വ്യവസ്ഥകളും നിർദ്ദേശങ്ങളും

1. കേരള മാരിടൈം ബോർഡിന് കീഴിൽ രൂപീകരിച്ച Land Management Unit ന്റെ ചുമതലകൾ താഴെ പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.
   - കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള 17 നോൺ മേജർ തുറമുഖങ്ങളുടെ അധീനതയിലുള്ള മൊത്തം ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കേണ്ടതാണ്.
   - റവന്യൂ രേഖകളിൽ നിലവിൽ തുറമുഖ ഭൂമി റവന്യൂ പുറമ്പോക്ക്, PWD, ഹാർബർ വക എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ആയത് കേരള മാരിടൈം ബോർഡ് ആക്ട് 2017, ഇന്ത്യ പോർട്ട് ആക്ട് 1908 എന്നീ നിയമങ്ങളിലെ വ്യവസ്ഥകൾക്കനുസരിച്ച് കേരള മാരിടൈം ബോർഡിന്റെ പേരിലാക്കുകയും കരമടയ്ക്കൽ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.
   - കേരള മാരിടൈം ബോർഡിന്റെ ഭൂമിയിൽ നിലവിലുള്ള അനധികൃത കൈയ്യേറ്റങ്ങളും നിർമ്മിതികളും, നിയമാനുസൃത ധാരണാപത്രങ്ങളില്ലാത്തതായ പ്രൊജക്ടുകളും ഒഴിപ്പിക്കുന്നതിന് നിയമപ്രകാരമുള്ള നടപടികളെടുക്കേണ്ടതാണ്.
   - കേരള മാരിടൈം ബോർഡ് വക ഭൂമിയിൽ പ്രവർത്തിക്കുന്ന മറ്റ് വകുപ്പുകളുടെ ഓഫീസുകൾ, ഗോഡൌണുകൾ, പ്രൊജക്ടുകൾ എന്നിവ പ്രവർത്തിക്കുന്നതിന് പ്രസ്തുത വകുപ്പുകളുമായി ഏകോപിപ്പിച്ച് ലീസ് വ്യവസ്ഥയിൽ/ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാരിനെ സമീപിച്ച് പ്രതിഫലം വാങ്ങിയോ അല്ലാതെയോ ടി ഭൂമി പ്രസ്തുത വകുപ്പിന് കൈമാറി നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
   - കേരള മാരിടൈം ബോർഡിന്റെ ഭൂമി/കെട്ടിടങ്ങൾ, ലീസ്/റെന്റ് വ്യവസ്ഥയിൽ നല്കുന്നതിനും കരാർ കാലാവധി തീരുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ബോർഡിന്റെ അനുമതിയോടെ ആയത് പുതുക്കി നല്കുന്നതിനുള്ള ഉപദേശങ്ങൾ എസ്റ്റേറ്റ് ഓഫീസർ ആയ പോർട്ട് ഓഫീസർക്ക് നല്കേണ്ടതാണ്.
2. Land Management Unit ന്റെ പ്രവർത്തനങ്ങൾക്കായി ഒരു കാർ അനുവദിച്ചു നല്കുന്നതാണ്.
3. Land Management Unit അംഗങ്ങൾ സർവ്വീസിൽ നിന്നും വിരമിച്ച തസ്തികയുടെ അടിസ്ഥാനത്തിൽ TA/DA അനുവദിക്കുന്നതാണ്.
4. ഭൂമി അളന്നു തിട്ടപ്പെടുത്തുന്ന മുറയ്ക്ക് ആയതിന്റെ എല്ലാ വിവരങ്ങളും ലഭ്യമായ രേഖകളും ഉൾപ്പെടെ ഡിജിറ്റൽ ഫോർമാറ്റിൽ സൂക്ഷിക്കേണ്ടതാണ്.
5. Land Management Unit ന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബോർഡിൽ സമർപ്പിക്കേണ്ടതാണ്.
6. Land Management Unit ന് കേരള മാരിടൈം ബോർഡിന് കീഴിലുള്ള എല്ലാ ഭൂമികളിന്മേലും അധികാര പരിധി ഉണ്ടായിരിക്കുന്നതാണ്.

Scanned with CamScanner

7. യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ ഓഫീസും അനുബന്ധ സൌകര്യങ്ങളും കോഴിക്കോട് പോർട്ട് കൺസർവേറ്റർ ഓഫീസിന്റെ ഒന്നാം നിലയിൽ സജ്ജമാക്കുന്നതാണ്.

8. തുറമുഖ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ചെയിൻമാൻ തുടങ്ങിയവരുടെ സേവനം വിനിയോഗിക്കുന്നതിന് ആവശ്യമായ ചിലവുകൾ കേരള മാരിടൈം ബോർഡ് വഹിക്കുന്നതാണ്.

മേൽ പ്രകാരം ഭൂവിനിയോഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഉള്ള അധികാരം Land Management Unit ൽ നിക്ഷിപ്തമായിരിക്കും. ഇതിനുപുറമേ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് ബോർഡ് കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന ചുമതലകളും നിർവ്വഹിക്കേണ്ടതാണ്.

**റ്റി.പി. സലിംകുമാർ IRS**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ്:
എല്ലാ പോർട്ട് ഓഫീസർമാർക്കും

Scanned with CamScanner

# നടപടി ഉത്തരവ്
## ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, ശാസ്തമംഗലം
## തിരുവനന്തപുരം-10
(റ്റി. പി. സലിംകുമാർ ഐ.ആർ.എസ്)

വിഷയം : കേരള മാരിടൈം ബോർഡ് - ലാൻഡ് മാനേജ്മെന്റ് യൂണിറ്റിൽ പുതിയ മെമ്പറെ ഉൾപ്പെടുത്തി ഉത്തരവാകുന്നു

പരാമർശം : 18/05/2023 ലെ HOKMB-TVM/271/2023-C3 നമ്പർ ഉത്തരവ്

---

**ഉത്തരവ് നമ്പർ : HOKMB-TVM/271/2023-C3** തീയതി : 01/06/2023

---

കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17 ചെറുകിട തുറമുഖങ്ങളുടെ കീഴിൽ വരുന്നതായ എല്ലാ വസ്തുവകകളും തിട്ടപ്പെടുത്തി അതിർത്തികൾ രേഖപ്പെടുത്തുന്നതിനായി ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചുകൊണ്ട് പരാമർശ പ്രകാരം ഉത്തരവ് നല്കിയിരുന്നു. മേൽ പരാമർശ ഉത്തരവ് പ്രകാരം ലാൻഡ് മാനേജ്മെന്റ് യൂണിറ്റിന്റെ ഹെഡ് ആയി ശ്രീ. വി.കെ. ബാലൻ, ഡെപ്യൂട്ടി കളക്ടർ(റിട്ട) നെയും മെമ്പർമാരായി ശ്രീ.പി.കെ. ചന്ദ്രഭാനു, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വെ & ലാൻഡ് റെക്കോർഡ്സ് (റിട്ട), ശ്രീ. രവീന്ദ്രൻ കെ, തഹസിൽദാർ(റിട്ട) എന്നിവരെയും നിയമിച്ചിരുന്നു.

ലാൻഡ് മാനേജ്മെന്റ് യൂണിറ്റിൽ പ്രവർത്തിക്കുന്നതിനായി ഇപ്പോൾ സമ്മതപത്രം നല്കിയിട്ടുള്ള ശ്രീ. ബാബുരാജൻ റ്റി, വില്ലേജ് ഓഫീസർ(റിട്ട) നെ 30,000/- രൂപ പ്രതിമാസ ശമ്പളത്തിൽ മെമ്പറായി പരാമർശ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാക്കി ലാൻഡ് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

റ്റി.പി. സലിംകുമാർ IRS
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

To

ശ്രീ. ബാബുരാജൻ റ്റി, വില്ലേജ് ഓഫീസർ(റിട്ട)

പകർപ്പ് :

1. കൺട്രോളർ ഓഫ് ഫിനാൻസ് & അക്കൌണ്ട്സ്
2. എല്ലാ പോർട്ട് ഓഫീസർമാർക്കും
3. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പോർട്ട്സ്
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. A3 സെക്ഷൻ
6. A4 സെക്ഷൻ
7. B1 സെക്ഷൻ
8. C3 സെക്ഷൻ (സ്റ്റോക്ക് ഫയൽ)

NB

Scanned with CamScanner